# കേരള സർവകലാശാല

നം. പി.ആർ.096/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം: 2017–അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം

കേരള സർവകലാശാല 2017 വർഷത്തെ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു.മെയ് ഒമ്പതാം തീയതി രാവിലെ 11 മണിക്ക് സർവകലാശാല ആസ്ഥാനത്തുള്ള കമ്പ്യൂട്ടർ സെന്ററിൽ വച്ചാണ് പരിശീലനം. ഒരു അക്ഷയ കേന്ദ്രത്തിൽ നിന്ന് ഒരാൾക്ക് ഈ സൗജന്യപരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മെയ് ആറ് വൈകുന്നേരം നാല് മണിക്ക് മുമ്പ് 0471–2386296, 2304631 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. പരാതി രഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിട്ടാണ് സർവകലാശാല ഇത്തരത്തിൽ പരിശീലനം നൽകുന്നത്. ആയത് പരമാവധി പ്രയോജനപ്പെടുത്താൻ അറിയിക്കുന്നു. പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ ഹാജരാകണം.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ബി.പി.എ മൃദംഗം ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മെയ 17 മുതൽ 19 വരെ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.സി.എ ടൈംടേബിൾ

കേരള സർവകലാശാല മെയ് 15–ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ (2006 സ്കീം മെഴ്സി ചാൻസ്, 2011 സ്കീം സപ്ലിമെന്ററി, 2015 സ്കീം റെഗുലർ), മെയ് 29–ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ (2006 സ്കീം മെഴ്സി ചാൻസ്, 2011 സ്കീം സപ്ലിമെന്ററി) എം.സി.എ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി.ഡി.ഇ.സി ടൈംടേബിൾ

കേരള സർവകലാശാല മെയ് 26–ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പി.ജി.ഡി.ഇ.സി) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഡ് ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് ഡിഗ്രി (ദ്വിവത്സര പ്രോഗ്രാം – 2015 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മെയ് 18 വരെ അപേക്ഷിക്കാം.

## എം.ബി.എ സപ്ലിമെന്ററി പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മെയ് എട്ട് മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷയ്ക്ക് പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രം, കൊല്ലം യു.ഐ.ടി, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നീ പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ഹാൾടിക്കറ്റുകൾ അതാത് കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മെയ് മാസത്തിൽ നടക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് റെഗുലർ 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന നാലാം സെമസ്റ്റർ ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
03.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098